# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇരട്ടയാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA- IDK (9)-353/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 07/05/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരട്ടയാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA- IDK (9)-353/2022 തീയ്യതി: 07/05/2022

## ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2021 മുതൽ 14-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സി.ആർ ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 15-03-2022 | 19-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-03-2022 | 19-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ടി.എസ് ധനജയൻ, ഓഡിറ്റ് ഓഫിസർ (18.03.2022 വരെ)
ശ്രീ എം.യു സണ്ണി,ഓഡിറ്റ് ഓഫിസർ
ശ്രീ ജോസഫ് ചാക്കോ,അസി.ഓഡിറ്റ് ഓഫിസർ
ശ്രീ മേജോ കെ ജോർജ്ജ്,അസി.ഓഡിറ്റ് ഓഫിസർ
ശ്രീ ജോമോൻ ഫ്രാൻസിസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ഡെന്നീസ് ജോസഫ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റാണി ജോസഫ് | പ്രസിഡന്റ് | 01-04-2020 | 29-11-2020 |
| ഭരണ നിർവ്വഹണ കമ്മിറ്റി | സെക്രട്ടറി | 30-11-2020 | 29-12-2020 |
| ശ്രീ ജിൻസൻ വർക്കി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ എം.വി അജയകുമാർ | സെക്രട്ടറി | 01-04-2020 | 07-08-2020 |
| ശ്രീ അബീഷ് ഐ,ഹെഡ് ക്ലർക്ക് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-08-2020 | 12-10-2020 |
| ശ്രീ ബി ശിവകുമാർ | സെക്രട്ടറി | 13-10-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ജെ.എം വൈശാഖ് | മെഡിക്കൽ ഓഫിസർ,പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.കാവ്യ കെ.എസ് | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി ഷീജ വി.റ്റി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി ടെസി തോമസ് | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീ എം ഗോവിന്ദരാജ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി മിനി കെ.എൻ | ഡയറി ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ബിന്ദു വി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.ധനേഷ് കൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2020 | 17-09-2020 |
| ഡോ.ശോഭ പ്രസാദ് | വെറ്ററിനറി സർജൻ | 18-09-2020 | 31-03-2021 |
| ഡോ.ജിനേഷ് ജെ മേനോൻ | മെഡിക്കൽ ഓഫിസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീ ജോസഫ് തോമസ് | അസി. എൻജിനീയർ,അഡീഷണൽ ചാർജ്ജ് | 01-04-2020 | 30-09-2020 |
| ശ്രീമതി ഷീജ കെ.ജി | അസി. എൻജിനീയർ | 01-10-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: DENNIS JOSEPH (Auditor, On 18-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 25-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Jomon Francis (Senior Grade Auditor, On 18-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 25-04-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Jomon Francis (Senior Grade Auditor, On 18-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 25-04-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Majo K George (Asst. Audit Officer, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-05-2022) | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.S.Dhanajayan (Audit Officer, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 25-04-2022) | 1-5 |
| 6 | ക്ഷേമ പെൻഷനുകൾ<br>Written By: M.U.Sunny (Audit Officer, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 25-04-2022) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: T.S.Dhanajayan (Audit Officer, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 25-04-2022) | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം<br>Written By: T.S.Dhanajayan (Audit Officer, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 25-04-2022) | 1-8 |
| 9 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jomon Francis (Senior Grade Auditor, On 18-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-9 |
| 10 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: DENNIS JOSEPH (Auditor, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-05-2022) | 1-10 |
| 11 | ക്രമവത്കരണ ഫീസ് ഈടാക്കിയില്ല<br>Written By: DENNIS JOSEPH (Auditor, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-05-2022) | 1-11 |
| 12 | വാടകക്കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു<br>Written By: DENNIS JOSEPH (Auditor, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-05-2022) | 1-12 |
| 13 | തൊഴിലുറപ്പു പദ്ധതി ജീവനക്കാർക്കും ഗ്രാമ പഞ്ചായത്തിലേക്കും ഗ്ലൗസുകൾ വാങ്ങൽ-അധികം തുക പിൻവലിച്ചു<br>Written By: M.U.Sunny (Audit Officer, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 26-04-2022) | 1-13 |
| 14 | സുഭിക്ഷ കേരളം ഫലവൃക്ഷത്തൈ വിതരണം<br>Written By: Jomon Francis (Senior Grade Auditor, On 18-03-2022)<br>Last Updated By: DENNIS JOSEPH (Auditor, On 07-05-2022) | 1-14 |
| 15 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ നടപ്പാക്കിയിരിക്കുന്നു<br>Written By: T.S.Dhanajayan (Audit Officer, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-05-2022) | 1-15 |
| 16 | ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന് രസീത് നൽകിയിട്ടില്ല<br>Written By: Jomon Francis (Senior Grade Auditor, On 18-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-05-2022) | 1-16-1 |

| | | |
|---|---|---|
| 17 | ഗുണഭോക്തൃ വിഹിതം ചെലവഴിച്ചതിന്റെ വിശദാംശങ്ങളില്ല<br>Written By: Jomon Francis (Senior Grade Auditor, On 18-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-16-2 |
| 18 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: M.U.Sunny (Audit Officer, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 26-04-2022) | 1-17 |
| 19 | കോവിഡ് 19-ദരിദ്ര കുടുംബങ്ങൾക്ക് ഭക്ഷ്യകിറ്റ് വിതരണം-അപാകതകൾ<br>Written By: M.U.Sunny (Audit Officer, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-05-2022) | 1-18 |
| 20 | കോവിഡ് ക്വാറന്റൈൻ സെന്ററിലേക്ക് കിടക്കകൾ-ഇൻവോയ്സ്,സ്റ്റോക്ക് വിവരങ്ങൾ ലഭ്യമല്ല<br>Written By: M.U.Sunny (Audit Officer, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-05-2022) | 1-19 |
| 21 | വാട്ടർടാങ്ക് വിതരണം, വയോജനങ്ങൾക്ക് കട്ടിൽ-ടെണ്ടർ നടപടിയിലെ അപാകതകൾ<br>Written By: Joseph Chacko (Asst. Audit Officer, On 18-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-05-2022) | 1-20 |
| 22 | കുടിവെള്ള വിതരണം-സർക്കാർ നിർദ്ദേശം അവഗണിച്ച് അധികം തുക നൽകി<br>Written By: M.U.Sunny (Audit Officer, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-05-2022) | 1-21 |
| 23 | പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ- തനതു ഫണ്ടിൽ നിന്നും മുൻകൂറായി നല്കിയിട്ടുള്ള തുകയുടെ ക്രമീകരണ വിവരങ്ങൾ ലഭ്യമല്ല<br>Written By: M.U.Sunny (Audit Officer, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-05-2022) | 1-22 |
| 24 | റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് കോൺക്രീറ്റ് പ്രവൃത്തികൾ ആവിഷ്കരിച്ചു<br>Written By: Majo K George (Asst. Audit Officer, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-05-2022) | 1-23 |
| | **ഭാഗം 2** | |
| 1 | വാടകക്കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു<br>Written By: DENNIS JOSEPH (Auditor, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-05-2022) | 2-1 |
| 2 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: DENNIS JOSEPH (Auditor, On 23-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-05-2022) | 2-2 |
| | **ഭാഗം 3** | |
| 1 | തൊഴിലുറപ്പ് പദ്ധതി ജീവനക്കാർക്കും ഗ്രാമ പഞ്ചായത്തിലേക്കും ഗ്ലൗസുകൾ വാങ്ങൽ-അധികം തുക പിൻവലിച്ചു<br>Written By: M.U.Sunny (Audit Officer, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 26-04-2022) | 3-1 |
| 2 | കുടിവെള്ള വിതരണം-സർക്കാർ നിർദ്ദേശം അവഗണിച്ച് അധികം തുക നൽകി<br>Written By: M.U.Sunny (Audit Officer, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 26-04-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക കണക്ക് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Jomon Francis (Senior Grade Auditor, On 18-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 27-04-2022) | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| | Written By: Joseph Chacko (Asst. Audit Officer, On 17-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 27-04-2022) | |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.S.Dhanajayan (Audit Officer, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 27-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Majo K George (Asst. Audit Officer, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 27-04-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: M.U.Sunny (Audit Officer, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 27-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: M.U.Sunny (Audit Officer, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 27-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Joseph Chacko (Asst. Audit Officer, On 17-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 27-04-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: DENNIS JOSEPH (Auditor, On 18-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 27-04-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: DENNIS JOSEPH (Auditor, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.S.Dhanajayan (Audit Officer, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 27-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: DENNIS JOSEPH (Auditor, On 20-03-2022)<br>Last Updated By: Sajitha K. (Computer Assistant, On 27-04-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

03.03.2020 ലെ 2-നം തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച ₹613225/- മുന്നിരിപ്പും ₹212831476.95/- വരവും ₹199695310.3/- ചെലവും ₹13136166.65/- നീക്കിയിരിപ്പും ഉള്ള ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ ബജറ്റ് 13.03.2020ലെ 1(1) നം തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 12-5-2021 | - | - |

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്- പൊതുവിഭാഗം | 0 | 15545600 | 15545600 | 15293210 | 252390 | വാർഷിക കണക്കുകൾ പ്രകാരം ചെലവ് ₹ 18364195/- ആണ്. എന്നാൽ യഥാർത്ഥ ചെലവ് ₹ 15293219/- ആണ് |
| വികസന ഫണ്ട്- എസ്.സി.പി | 0 | 2221714 | 2221714 | 1710895 | 510819 | |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 260122 | 260122 | 150000 | 110122 | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ആൺടൈഡ്) | 0 | 8585997 | 8585997 | 5919080 | 2666917 | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 5280000 | 5280000 | 2406507 | 2873493 | |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 0 | 13004000 | 13004000 | 13003867 | 133 | |
| സംരക്ഷണ ഗ്രാന്റ്- റോഡിതരം | 0 | 4595050 | 4595050 | 3100994 | 1494056 | |
| സമ്പൂർണ്ണ ശുചിത്വം | 0 | 642500 | 642500 | 502500 | 140000 | |
| ഐ.സി.ഡി.എസ് | 420281 | 371850 | 792131 | 502979 | 289152 | |
| ശുചിത്വ മിഷൻ | 525730 | 0 | 525730 | 0 | 525730 | |

1. സാക്ഷരത അക്കൗണ്ടിൽ ₹ 2488/- ബാലൻസ് അവശേഷിക്കുന്നുണ്ട്. ഈ ഇനത്തിൽ ₹ 96/-

(പലിശ) മാത്രമാണ് 2020-21 വർഷത്തിൽ വരവുള്ളത്.

2. അക്കൗണ്ട് ഹെഡ് 320300199 പ്രകാരം ₹ 6117304/- മുന്നിരിപ്പും ₹ 200750/- വരവും ഉൾപ്പെടെ ആകെ ₹ 818054/- നീക്കിയിരുപ്പുണ്ട്. (ബി-4 അക്കൗണ്ട് ഹെഡ്) എന്നാൽ ഈ തുക ഏതിനത്തിലുള്ള വരവാണെന്ന് വ്യക്തമല്ല.

1-4 പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 195 | 80218170 | 125 | 45118568 | 38 | 32 | 64.1 |

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ 4.85 കോടി രൂപ അടങ്കലിൽ 120 പ്രോജക്ടുകളാണ് ഉൾപ്പെടുത്തിയിരുന്നത്. പിന്നീട് 3.16 കോടി രൂപ അടങ്കലിൽ 75 സ്പിൽ ഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തി 2020 ജൂണിൽ പദ്ധതി പരിഷ്കരിച്ചു. 8.02 കോടി രൂപയുടെ 2019-20 വാർഷിക പദ്ധതിയിൽ 4.51 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിച്ച 195 പ്രോജക്ടുകളിൽ 64.1 ശതമാനം മാത്രമാണ് പൂർത്തീകരിച്ച് സമയബന്ധിതമായി ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുള്ളത്. 2020-21 വർഷം ആകെ ചെലവഴിച്ച 4.51 കോടി രൂപയിൽ 1.68 കോടി രൂപ 2019-20 ലെ സ്പിൽ ഓവർ പ്രോജക്ടുകളുടെ ബില്ലുകൾ മാറുന്നതിനാണ് വിനിയോഗിച്ചത്. നടപ്പുവർഷത്തെ പ്രോജക്ടുകളുടെ ചെലവ് 58.16ശതമാനമാണ്. വാർഷിക പദ്ധതിയുടെ ധനകാര്യ വിശകലനം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 18807859 | 15293210 | 81.31 |
| വികസന ഫണ്ട് എസ്.സി.പി | 2661596 | 1667013 | 62.63 |
| വികസന ഫണ്ട് ടി.എസ്.പി | 333749 | 150000 | 44.94 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 6968313 | 5919080 | 84.94 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 5280000 | 2406507 | 45.58 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1626266 | 616637 | 37.92 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 2730000 | 695000 | 25.46 |
| തനത് ഫണ്ട് | 8599246 | 1191313 | 13.85 |
| ബ്ലോക്ക് പഞ്ചായത്ത് | 1325000 | 698094 | 52.69 |
| ജില്ലാ പഞ്ചായത്ത് | 1700000 | 200000 | 11.76 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 15987627 | 13003867 | 81.34 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 4723000 | 3100994 | 65.66 |
| മറ്റുള്ളവ | 9475514 | 176853 | 1.87 |
| ആകെ | 80218170 | 45118568 | 56.24 |

പൊതു വിഭാഗത്തിൽ അംഗീകാരം ലഭിച്ച 178 പ്രോജക്ടുകളിൽ 113 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. ചെലവ് 55.19 ശതമാനം മാത്രം. പട്ടികജാതി വിഭാഗത്തിൽ 12 ൽ 11പ്രോജക്ടുകളും പട്ടിക വർഗ്ഗ വിഭാഗത്തിൽ 5 ൽ ഒരു പ്രോജക്ട് മാത്രവുമാണ് നടപ്പാക്കുന്നതിന് സാധിച്ചത്. പട്ടികജാതി വിഭഗത്തിൽ ചെലവ് 59.01 ശതമാനവും പട്ടികവർഗ്ഗ വിഭാഗത്തിൽ ചെലവ് 44.94 ശതമാനവും

മാത്രമാണ്.

ഉല്പാദനമേഖലയിൽ അംഗീകാരം ലഭിച്ച 13 പ്രോജക്ടുകളിൽ 12 എണ്ണവും നടപ്പാക്കി. എന്നാൽ, ചെലവ് 55.86 ശതമാനം മാത്രം. സേവനമേഖലയിൽ 81ൽ 55 പ്രോജക്ടുകളും പശ്ചാത്തല മേഖലയിൽ 10 ൽ 4 പ്രോജക്ടുകളും മാത്രമാണ് നടപ്പാക്കുന്നതിന് സാധിച്ചത്. സേവനമേഖലയിൽ ചെലവ് 60.81 ശതമാനവും പശ്ചാത്തല മേഖലയിൽ ചെലവ് 50.79 ശതമാനവും മാത്രമാണ്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 100 | 2566664 | 2207690 | 86.01 |
| വെറ്ററിനറി സർജൻ | 7 | 6 | 85.71 | 3169800 | 1308339 | 41.28 |
| മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | 2 | 2 | 100 | 823200 | 412807 | 50.15 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 100 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 3 | 3 | 100 | 1102350 | 1102350 | 100 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 9 | 8 | 88.89 | 3869916 | 1999713 | 51.67 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 2 | 2 | 100 | 3763510 | 3214141 | 85.4 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 100 | 2700000 | 1200000 | 44.44 |
| സെക്രട്ടറി | 58 | 32 | 55.17 | 25268702 | 8432658 | 33.37 |
| ഹെഡ്മാസ്റ്റർ | 1 | 0 | 0 | 39000 | 0 | 0 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 105 | 64 | 60.95 | 36715028 | 25040870 | 68.2 |
| ആകെ | 195 | 125 | 64.1 | 80218170 | 45118568 | 56.24 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 46530 | 3027761 | 3074291 | 3030166 | 44125 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 63533258 | 63533258 | 63533258 | 0 |

## 1-6 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക, ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3096200 | 217 |
| വിധവാപെൻഷൻ | 7967400 | 539 |
| വാർദ്ധക്യകാലപെൻഷൻ | 20883500 | 1510 |
| വികലാംഗപെൻഷൻ | 4460000 | 291 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.03.2022ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 36583/- (മുപ്പത്തിആറായിരത്തി അഞ്ഞൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

1. ഓഫീസ് സംവിധാനം- 3ക്ലർക്കമാരും 3 സീനിയർ ക്ലർക്കമാരും 1 ഓഫീസ് അറ്റൻഡന്റും 1 പാർട്ട് ടൈം സ്വീപ്പറും 1അക്കൗണ്ടന്റും 1 ഹെഡ്ക്ലാർക്കും 1 സെക്രട്ടറിയും 1ഡ്രൈവറും ഉൾപ്പെടുന്നതാണ്. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.
2. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. പുതുതായി സൃഷ്ടിക്കുന്ന അസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല.

4. തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സയുക്ത പരിശോധന നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.

5. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്കുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിൽ പ്രോജക്റ്റിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നു. വാങ്ങൽ പ്രക്രിയകളിൽ ആവശ്യമായ കരുതലുകൾ സ്വീകരിക്കുന്നില്ല.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം.

വരുന്ന തപാലുകൾ കൃത്യമായി ഫ്രണ്ട് ഓഫീസിൽ നിന്ന് സൂചിക സോഫ്റ്റ് വെയറിൽ ഡിസ്ട്രിബ്യൂഷൻ നടത്തുന്നുണ്ട് . എന്നാൽ ബാക്ക് ഓഫീസിൽ ഫയലുകളുടെ നീക്കം കൃത്യമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ യാതൊരു സംവിധാനവുമില്ല. സൂപ്പർവൈസറി തലത്തിൽപെട്ടവരുടെ മോണിട്ടറിംഗ്

ശരിയായി നടക്കുന്നില്ല.

1-9 വാർഷിക കണക്കിലെ അപാകതകൾ

1. ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവ പ്രകാരം വികസന ഫണ്ട് പൊതുവിഭാഗത്തിലെ ആകെ ചെലവ് ₹ 15293219/- ആണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം ₹ 18364195/- EcD.

2. റിക്കൺസിലിയേഷൻ പത്രിക പ്രകാരമുള്ള തുക ബാങ്ക് പാസ് ബുക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് നം | ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള തുക | റിക്കൺസിലിയേഷൻ പത്രിക പ്രകാരം പാസ് ബുക്കിലെ തുക |
|---|---|---|
| ഫെഡറൽ ബാങ്ക്, ഇരട്ടയാർ 11370200122525 | 1250702.00 | 1403252 |

3. ഫെഡറൽ ബാങ്ക്, ഇരട്ടയാർ (11370200122525) അക്കൗണ്ടിലെ താഴെപ്പറയുന്ന തുകകൾ വരവിലെടുക്കാതെയാണ് റിക്കൺസിലിയേഷൻ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്.

| ട്രാൻസാക്ഷൻ ഐ ഡി | തീയതി | തുക |
|---|---|---|
| S3443008 | 15.3.2021 | 81964 |
| S3442992 | 15.3.2021 | 62926 |
| S3443637 | 15.3.2021 | 89360 |

4. ശാന്തിഗ്രാം സർവ്വീസ് സഹകരണ ബാങ്ക് (160001-2000002483) അക്കൗണ്ടിന്റെ 31.3.2021 ലെ റിക്കൺസിലിയേഷൻ പത്രിക പ്രകാരം കാലാവധി കഴിഞ്ഞ താഴെപ്പറയുന്ന ചെക്കുകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ ബാങ്കിൽ വരവ് വന്നിട്ടില്ല.

| ചെക്ക് നം | ഡെപ്പോസിറ്റ് ചെയ്ത തീയതി | തുക |
|---|---|---|
| 274268/16.12.17 | 19.2.2017 | 9750 |
| 1558909/20.3.18 | 20.3.2018 | 7500 |
| ആകെ | | 17250 |

എന്നാൽ ബി-9 ഷെഡ്യൂൾ പ്രകാരം Stale Cheques ഇനത്തിൽ ₹ 10574/- മാത്രമാണ് ലയബിലിറ്റിയായി സൂക്ഷിച്ചിട്ടുള്ളത്.

5. ബി-9 ഷെഡ്യൂൾ പ്രകാരം വാറ്റ് ഇനത്തിൽ ₹ 5922/- സർവ്വീസ് ടാക്സ് ഇനത്തിൽ ₹ 4000/- എന്നിങ്ങനെ ലയബിലിറ്റിയായി അവശേഷിക്കുന്നുണ്ട്. GST നിലവിൽ വന്നതിന് ശേഷവും ഈ തുക സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല.

6. വാടക രജിസ്റ്റർ, വസ്തു നികുതി സോഫ്റ്റ്വെയർ എന്നിവയുടെ DCB വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

7. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പൂർണ്ണമല്ല. അബ്സ്ട്രാക്ട് തയ്യാറാക്കിയിട്ടില്ല. മുൻവർഷങ്ങളിലെ തുകകൾ ക്യാരി ഓവർ ചെയ്തിട്ടില്ല.

8. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. രജിസ്റ്ററിൽ ഒരോ ഇനത്തിന്റെയും ആകെ തുക രേഖപ്പെടുത്തിയിട്ടില്ല.

9. ബി – 15 പ്രകാരമുള്ള കുടിശ്ശികകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

10. ബി-11 പ്രകാരമുള്ള ആസ്തികൾക്ക് ഡിപ്രിസിയേഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഡിപ്രിസിയേഷൻ കണക്കാക്കിയതിനെ സാധൂകരിക്കുന്ന രേഖകളില്ല.

11. ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പുകൾക്ക് എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

12. ലോൺ രജിസ്റ്റർ പ്രകാരമുള്ള മുന്നിരിപ്പ് വരവ്, നീക്കിയിരിപ്പ് എന്നിവ വാർഷിക കണക്കുകളുമായി

പൊരുത്തപ്പെടുന്നില്ല.

13. പദ്ധതി നം S0086/21 ഹൈബ്രിഡ് തെങ്ങിൻതൈ വിതരണത്തിനായി ₹ 137000/- ഗുണഭോക്തൃ വിഹിതമായി പിരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. സുലേഖ പത്രിക പ്രകാരം ഈ തുക ചെലവഴിച്ചിട്ടുള്ളതായി കാണിച്ചിട്ടില്ല. ബാലൻസ് ഷീറ്റ് ബി-4 പത്രികയിൽ ഈ തുക ഉൾപ്പെടുത്തിയിട്ടില്ല.

14. പദ്ധതി നം S0213/21 സുഭിക്ഷ കേരളം – ഫലവൃക്ഷ തൈ വിതരണം എന്ന പദ്ധതിക്കായി ₹30030/- തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളതായി സുലേഖ സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുക തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുള്ളതായി കാണുന്നില്ല.

1-10 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

1) യൂണിയൻ ബാങ്ക്, ഈട്ടിത്തോപ്പ് ശാഖയുടെ 2020-21 വർഷത്തെ ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. രണ്ട് അർദ്ധ വർഷങ്ങളിലെയും ആകെ നികുതി ₹2500/- നഷ്ടമായി കണക്കാക്കുന്നു.

2) വില്ലേജ് ഓഫീസ്, ഇരട്ടയാർ എന്ന സ്ഥാപനത്തിലെ താഴെപ്പറയുന്ന ജീവനക്കാരന്റെ തൊഴിൽ നികുതി ഈടാക്കുന്നതിൽ താഴെചേർത്തിരിക്കുന്ന പ്രകാരം കുറവ് വന്നിട്ടുണ്ട്.

| ക്രമ നം | ജീവനക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം | അർദ്ധ വർഷം 1 | | | അർദ്ധ വർഷം 2 | | |
|---|---|---|---|---|---|---|---|---|
| | | | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്ന തുക | കുറവ് വന്ന തുക | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്ന തുക | കുറവ് വന്ന തുക |
| 1 | സ്മിനിമോൾ കെ.എസ് | 136200 | 750 | 1250 | 500 | 1000 | 1250 | 250 |

₹750/- (500+250) ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം8,17/03/2022)ക്ക് ലഭിച്ച മറുപടിയിൽ തുക ഈടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണെന്ന് അറിയിച്ചു.

(1)&(2) പ്രകാരം തുക ഈടാക്കാത്തതിനാൽ ₹3250/- നഷ്ടമായി കണക്കാക്കുന്നു. സ്ഥാപനത്തിൽ നിന്ന് തുക ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം 2020 ഒക്ടോബർ മാസത്തിലും, 2021 ഫെബ്രുവരി മാസത്തിലും ചുമതലയിലുണ്ടായിരുന്ന ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് യഥാക്രമം ₹1750/-, ₹1500/- വീതം തുക ഈടാക്കേണ്ടതാണ്.

1-11 ക്രമവത്കരണ ഫീസ് ഈടാക്കിയില്ല

ശ്രീ. കെ.ബി വിനോദിന്റെ ഉടമസ്ഥതയിലുള്ള റെസിഡൻഷ്യൽ കം കൊമേർഷ്യൽ കെട്ടിടത്തിന് 2020-21 വർഷത്തിൽ നികുതി നിർണയിച്ച് നമ്പരിട്ട് നൽകിയിട്ടുള്ളതാണ്. കെട്ടിട നിർമാണ പെർമിറ്റ് (നം A4/BA/341287/19 തീയതി 29/11/2019) പ്രകാരമുള്ള അപ്രൂവ്ഡ് പ്ലാനിൽ നിന്നും അധികരിച്ച് നിർമ്മിച്ചതായി കംപ്ലീഷൻ പ്ലാനിൽ കാണുന്ന വിസ്തീർണത്തിന് താഴെക്കൊടുത്തിരിക്കും പ്രകാരം ക്രമവത്കരണ ഫീസ് ഈടാക്കിയിട്ടില്ല.

| കെട്ടിട നമ്പർ | വിനിയോഗക്രമം | അപ്രൂവ്ഡ് പ്ലാനിലുള്ള വിസ്തീർണം (ച.മീ) | കംപ്ലീഷൻ പ്ലാനിലുള്ള വിസ്തീർണം (ച.മീ) | അധികരിച്ച് നിർമ്മിച്ച വിസ്തീർണം (ച.മീ) | ക്രമവത്കരണ ഫീസ് |
|---|---|---|---|---|---|
| 7/908 | റെസിഡൻഷ്യൽ | 65.16 | 73.86 | 8.71 | 121.94( 8.71*7*2) |

| | | | | | |
|---|---|---|---|---|---|
| 7/909 | റെസിഡൻഷ്യൽ | 50.93 | 64.98 | 14.05 | 196.7(14.05*7*2) |
| 7/907 | കൊമേർഷ്യൽ | 65.15 | 73.86 | 8.71 | 174.2(8.71*10*2) |
| ആകെ | | | | | 492.84 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 16, 18/3/2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമവത്കരണ ഫീസ് ₹985.68/- ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 വാടകക്കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു

വാടക രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ താഴെപ്പറയുന്ന മുറിയുടെ വാടക ഈടാക്കിയിട്ടില്ല.

| ക്രമ നം | കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസം ഇടാക്കേണ്ട വാടക | തുക ഈടാക്കാൻ അവശേഷിക്കുന്ന കാലാവധി | ഈടാക്കാൻ അവശേഷിക്കുന്ന ആകെ തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | 7/654 | ശ്രീ.ജോസഫ് സേവ്യർ | (5240+ജി എസ്.ടി 944+Flood Cess 53) ₹6237 | 10/2020 മുതൽ 3/2021 വരെ | 37422 | കരാറിൽ ഏർപ്പെട്ടിട്ടില്ല |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 7, 17/3/2022)ക്ക് ലഭ്യമാക്കിയിരിക്കുന്ന മറുപടിയിൽ അടിയന്തിരമായി നോട്ടീസ് നൽകി തുക അടവാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണെന്ന് സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ വാടകക്കാരനുമായി നിയമാനുസൃതമായ കരാറിൽ ഏർപ്പെടാത്തതിനാലും തുക ഈടാക്കാത്തതിനാലും മറുപടി അംഗീകരിക്കുന്നില്ല. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കൈയൊഴിയലും)ചട്ടങ്ങൾ പ്രകാരം 10/2020 മുതൽ 03/2021 വരെയുള്ള വാടക കുടിശ്ശിക ₹37422/- വരവ് നഷ്ടമായി കണക്കാക്കുന്നു. എല്ലാ മാസവും അഞ്ചാം തീയതിക്കു മുമ്പായി വാടക ഈടാക്കേണ്ടിയിരുന്നു. വാടക ഈടാക്കേണ്ടിയിരുന്ന 2020 ഒക്ടോബർ മാസത്തിൽ ചുമതലയിലുണ്ടായിരുന്ന സെക്രട്ടറിയിൽ നിന്നും ₹6237/- (₹5240+ജി.എസ്.ടി ₹944 + പ്രളയ സെസ്സ് ₹53) ഈടാക്കേണ്ടതാണ്. 2020 നവംബർ മുതൽ 2021 മാർച്ച് വരെ ചുമതലയിലുണ്ടായിരുന്ന സെക്രട്ടറിയിൽ നിന്നും ₹31185 (₹26200 + ജി.എസ്.ടി ₹4720+ പ്രളയ സെസ് ₹265) യും ഈടാക്കേണ്ടതാണ്.

1-13 തൊഴിലുറപ്പ് പദ്ധതി ജീവനക്കാർക്കും ഗ്രാമ പഞ്ചായത്തിലേക്കും ഗ്ലൗസുകൾ വാങ്ങൽ- അധികം തുക പിൻവലിച്ചു

തൊഴിലുറപ്പ് പദ്ധതിയിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കുവേണ്ടിയും ഗ്രാമപഞ്ചായത്തിലേക്കുമായി മോഡേൺ മെഡിക്കൽസ് കട്ടപ്പന എന്ന സ്ഥാപനത്തിൽ നിന്നും ഗ്ലൗസുകൾ വാങ്ങിയ ഇനത്തിൽ സെക്രട്ടറി സെൽഫ് ചെക്ക് പ്രകാരം തനതു ഫണ്ടിൽ നിന്നും അധികം തുക പിൻവലിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ചെക്ക് നം/തീയതി | തനതു ഫണ്ടിൽ നിന്നും പിൻവലിച്ച തുക | ഇൻവോയ്സ് നം | വാങ്ങിയ ഗ്ലൗസുകളുടെ എണ്ണം | ഇൻവോയ്സ് പ്രകാരമുള്ള ചെലവ് തുക | അധികം പിൻവലിച്ച തുക |
|---|---|---|---|---|---|
| 53304/ 21.4.20 | ₹25500 | 1587 | 1900 | ₹22800 (1900*12) | ₹2700 |
| | ₹28936 | 1472 | 2000 | ₹24000 (2000*12) | ₹4936 |

| ആകെ | ₹54436 | | | ₹46800 | ₹7636 |
|---|---|---|---|---|---|

തനതു ഫണ്ടിൽ നിന്നും അധികം തുക പിൻവലിച്ചതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.2/16.3.22) മറുപടി ലഭ്യമാക്കിയിട്ടില്ല. തനതു ഫണ്ടിൽ നിന്നും അധികം പിൻവലിച്ച ₹7636/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

### 1-14 സുഭിക്ഷ കേരളം ഫലവൃക്ഷത്തൈ വിതരണം

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| ഫണ്ട് | തനത് ഫണ്ട് |
| പദ്ധതി നം / പേര് | S0268/2021 / സുഭിക്ഷ കേരളം – ഫലവൃക്ഷത്തൈ വിതരണം |
| അടങ്കൽ / ചെലവ് (തനത് ഫണ്ട്) | 100000/30030 |

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം മേൽപദ്ധതിയിൽ ₹ 30030 /- ചെലവ് ഉണ്ട്. മേൽപദ്ധതിയുടെ ഫയലുകൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (10/17-3-2022) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. തനത് ഫണ്ടിൽ നിന്നും ഈ തുക പിൻവലിച്ച് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് മേൽ എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഫയലുകൾ ലഭ്യമാക്കാത്തതിനാൽ തനത് ഫണ്ടിൽ നിന്നുള്ള ₹ 30030/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-15 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ നടപ്പാക്കിയിരിക്കുന്നു

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് 2020-21-ൽ താഴെ രേഖപ്പെടുത്തിയിരിക്കുന്ന 10 പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട് .

കേരള ഇലക്ട്രിക്കൽസ് ആന്റ് അലൈഡ് കമ്പനി ലിമിറ്റഡ് (KEL ) എടരിക്കോട്, മലപ്പുറം മുഖേനയാണ് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുള്ളത്.

പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ബിൽ നം./തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | സന്നിധാനപ്പടി മിനിഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ<br>പ്രോജക്ട് നം. 37/21 | ₹210000/- വികസന ഫണ്ട് -ധനകാര്യകമ്മീഷൻ അവാർഡ്. | 20100852013600763314/ 24.11.20<br>₹210000/- | KELന്റെ ഇൻവോയ്സ് പ്രകാരം 8 മീറ്റർ ഉയരമുള്ള GIപോളിൽ 100wന്റെ LED ലൈറ്റുകൾ 4 എണ്ണം സ്ഥാപിച്ചിരിക്കുന്നു. |
| 2 | വാഴവരപള്ളി നിരപ്പ് മിനിഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ<br>പ്രോജക്ട് നം. 247/21 | ₹200000/-<br>തനത് ഫണ്ട് | വൗച്ചർ നം. 220000855/ 13.01.21-₹194599/- | KELന്റെ ഇൻവോയ്സ് പ്രകാരം 8 മീറ്റർ ഉയരമുള്ള GI പോളിൽ 100w ന്റെ LED ലൈറ്റുകൾ 3 എണ്ണം സ്ഥാപിച്ചിരിക്കുന്നു. |
| 3 | ചേലക്കൽ കവല മിനിഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ<br>പ്രോജക്ട് നം. 32/21 | ₹250000<br>വികസന ഫണ്ട് – ധനകാര്യകമ്മീഷൻ അവാർഡ്. | 20100852013600763310/ 24.11.20 ₹249598/- | KELന്റെ ഇൻവോയ്സ് പ്രകാരം 8മീറ്റർ ഉയരമുള്ള GIപോളിൽ 100wന്റെ LED ലൈറ്റുകൾ 6 എണ്ണം സ്ഥാപിച്ചിരിക്കുന്നു. |
| 4 | ഇരട്ടയാർ ടൗൺ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ<br>പ്രോജക്ട് നം. 34/21 | ₹250000/-വികസന ഫണ്ട് – ധനകാര്യകമ്മീഷൻ അവാർഡ്. | 20100852013600763310/ 24.11.20<br>₹249598 | KELന്റെ ഇൻവോയ്സ് പ്രകാരം8 മീറ്റർ ഉയരമുള്ള GIപോളിൽ 100wന്റെ LEDലൈറ്റുകൾ 6എണ്ണം സ്ഥാപിച്ചിരിക്കുന്നു |
| 5 | അന്തോപ്പിക്കവല മിനിഹൈമാസ്റ്റ് ലൈറ്റ് | ₹210000/-<br>ധനകാര്യകമ്മീഷൻ | 20100852013600763312/ 24.11.20 ₹210000/- | KELന്റെ ഇൻവോയ്സ് പ്രകാരം 8 മീറ്റർ ഉയരമുള്ള GIപോളിൽ 100wന്റെ |

| | | | | |
|---|---|---|---|---|
| | Rachanaസ്ഥാപിക്കൽ<br>പ്രോജക്ട് നം. 30/21 | അവാർഡ്. | | LEDലൈറ്റുകൾ 4എണ്ണം സ്ഥാപിച്ചിരിക്കുന്നു |
| 6 | ടണൽസൈറ്റ് മിനിഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ<br>പ്രോജക്ട് നം. 175/21 | ₹200000/-<br>ധനകാര്യകമ്മീഷൻ അവാർഡ്. | 20100852013600763313/ 24.11.20 ₹194599/- | KELന്റെ ഇൻവോയ്സ് പ്രകാരം 8 മീറ്റർ ഉയരമുള്ള GIപോളിൽ 100wന്റെ LEDലൈറ്റുകൾ 3എണ്ണം സ്ഥാപിച്ചിരിക്കുന്നു |
| 7 | നെല്ലിപ്പാറ മിനിഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ<br>പ്രോജക്ട് നം. 228/21 | ₹200000<br>തനത് ഫണ്ട് | വൗച്ചർ നമ്പർ22000880/ 29.01.2020<br>₹196707/- | KELന്റെ ഇൻവോയ്സ് പ്രകാരം 8മീറ്റർ ഉയരമുള്ള GIപോളിൽ 100wന്റെ LEDലൈറ്റുകൾ 3എണ്ണം സ്ഥാപിച്ചിരിക്കുന്നു |
| 8 | ഞാറക്കവല മിനിഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ<br>പ്രോജക്ട് നം. 220/21 | ₹200000<br>തനത് ഫണ്ട് | വൗച്ചർ നമ്പർ22000803/ 07.01.2020<br>₹196707/- | KELന്റെ ഇൻവോയ്സ് പ്രകാരം 8മീറ്റർ ഉയരമുള്ള GIപോളിൽ 100wന്റെ LEDലൈറ്റുകൾ 3എണ്ണം സ്ഥാപിച്ചിരിക്കുന്നു |
| 9 | ശാന്തി ഗ്രാം ടൗൺ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - അപാകതകൾ<br>പ്രോജക്ട് നം.103/20, 136/21, | ₹500000/-<br>ധനകാര്യകമ്മീഷൻ അവാർഡ്. | 19100852013600920570/ 09.12.2019-₹400000/-<br>20100852013600174067/ 11.04.2020-₹100000/- | KELന്റെ ഇൻവോയ്സ് പ്രകാരം 12 മീറ്റർ ഉയരമുള്ള പോളിൽ 200Wന്റെ 6 LED ലൈറ്റുകൾ സ്ഥാപിച്ചിരിക്കുന്നു അപാകതകൾ.<br>1.KELന്റെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കിയില്ല. |
| 10 | തെരുവുവിളക്ക് സ്ഥാപിക്കലും മെയിന്റനൻസും 101/20, 134/21 | ₹500000/-<br>ധനകാര്യകമ്മീഷൻ അവാർഡ് | 19100852013600920563/ 09.12.2019-₹400000/-<br>20100852013600174066/ 11.04.2020-₹100000/- | അംഗീകാരം ലഭിച്ച പ്രോജക്ട് പ്രകാരം ₹1000/-നിരക്കിൽ 500തെരുവുവിളക്കുകൾ സ്ഥാപിക്കൽ സെക്രട്ടറി നേരിട്ട് നടത്തണം. എന്നാൽ അക്രഡിറ്റഡ് ഏജൻസിയായ KEL മുഖേന നടത്തിയ പദ്ധതിയിൽ ഇൻവോയ്സ് നം 90/10.01.2020 പ്രകാരം 200എണ്ണം 24w LEDലൈറ്റുകൾ സ്ഥാപിച്ചതായി കാണുന്നു. പദ്ധതി നടത്തിപ്പിലെ മറ്റ് അപാകതകൾ.<br>1. KELന്റെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കിയില്ല. 2.ലൈറ്റുകൾ സ്ഥാപിച്ചത് സംബന്ധിച്ച് മോണിട്ടറിംഗ് നടത്തിയിട്ടില്ല.<br>3. അംഗീകാരം ലഭിച്ച പ്രോജക്ടിൽ നിന്ന് എണ്ണത്തിലും നിരക്കിലും വ്യതിചലിച്ച് നിർവ്വഹണം നടത്തിയിരിക്കുന്നു. |
| | ആകെ | | ₹2701808 | |

പദ്ധതികളുടെ നടത്തിപ്പിൽ താഴെസൂചിപ്പിക്കുന്ന പൊതു അപാകതകൾ കാണുന്നു.

1. ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ് എന്നിവ കൂടാതെയാണ് പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുള്ളത്.

2. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ പ്രകാരം നിർവ്വഹണ രീതി 'നേരിട്ട് ' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, അക്രഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹണം നടത്തുകയാണ് ചെയ്തിട്ടുള്ളത്.

3. 25.07.2017-ലെ സ.ഉ (അ) നം.95/2017/ധന ലെ ഖണ്ഡിക 3.3പ്രകാരം സെന്റേജ് ചാർജ്ജ്, ടെക്നിക്കൽ

റിക്വയർമെന്റ് എന്നിവ സംബന്ധിച്ച് മത്സരാധിഷ്ഠിത ടെണ്ടർ/ക്വട്ടേഷൻ നടപടിയിലൂടെയാണ് അക്രഡിറ്റഡ് ഏജൻസികളെ തിരഞ്ഞെടുക്കേണ്ടത്. എന്നാൽ ടെണ്ടർ/ക്വട്ടേഷൻ നടപടി കൂടാതെ ഗ്രാമപഞ്ചായത്ത് KEL നെ നേരിട്ട് നിർവ്വഹണച്ചുമതല ഏൽപ്പിച്ചിരിക്കുന്നു.

4. 09.01.2017-ലെ സ.ഉ (അ) നം.142/2017/ധന, 04.07.2019-ലെ സ.ഉ (അ)നം.77/2019/ധന. എന്നിവ പ്രകാരം KEL-ന് ഇലക്ട്രോ മെക്കാനിക്കൽ വർക്കുകളും ജനറൽ സിവിൽ നിർമ്മാണ പ്രവർത്തനങ്ങളും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുന്നതിനാണ് അനുമതിയുള്ളത്. 18.01.2019-ലെ സ.ഉ(സാധാ)നം.91/2019 ഉത്തരവ് പ്രകാരം KEL ഇലക്ട്രോമെക്കാനിക്കൽ പ്രോജക്ടുകളുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ആയതിനാൽ 03.08.2018-ലെ സ.ഉ(അ)118/2018/ധന. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തദ്ദേശ സ്ഥാപനങ്ങളിലെ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി അനുമതി നൽകിയിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20.06.2019-ലെ യോഗത്തിലും KELന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി പ്രവർത്തിക്കുന്നതിനാണ് ധനവകുപ്പിന്റെ അനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. PMC ആയി അനുമതി ലഭിച്ചിരിക്കുന്ന സ്ഥാപനങ്ങൾ ടെണ്ടർ നടപടിയിലൂടെ കരാറുകാരെ കണ്ടെത്തിയാണ് നിർവ്വഹണം നടത്തേണ്ടത്. സ്ഥാപനത്തിന് നേരിട്ട് നിർവ്വഹണം നടത്താനാവില്ല. എന്നാൽ ഇതിന് വിരുദ്ധമായി KEL നേരിട്ട് നിർവ്വഹണം നടത്തിയിരിക്കുന്നു.

5. 24.04.2019-ലെ 33/2019/ധന. സർക്കുലർ പ്രകാരം ധനകാര്യ വകുപ്പിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ ഭരണവകുപ്പുകൾ അക്രഡിറ്റഡ് ഏജൻസികൾക്ക് അനുമതി നൽകാവൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരം അനുമതി വാങ്ങിയിട്ടില്ല.

6. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി-2/44274/2015 മാർഗ്ഗ നിർദ്ദേശത്തിൽ പ്രതിപാദിച്ചിരിക്കുന്ന തെരുവ് വിളക്കുകളുടെ വിവരങ്ങളടങ്ങുന്ന സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല. 5.09.2011-ലെ സർക്കുലർ നം.3055/ഡി.എസ്.3/2011/തസ്വഭവ. തെരുവ് വിളക്കുകൾ, മിനി/ഹൈമാസ്റ്റ് ലൈറ്റുകൾ എന്നിവ സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി-യുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കണം. എന്നാൽ, കെ.എസ്.ഇ.ബി മേൽനോട്ടം വഹിച്ചതിന്റെ വിശദാംശങ്ങളും ഇൻസ്റ്റലേഷൻ സാക്ഷ്യപത്രവും ഫയലിലില്ല.

7. തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

8. പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് മോണിട്ടറിംഗ് നടത്തിയിട്ടില്ല.

പ്രോജക്ടിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നമ്പർ 13/18.03.2022, 17/18.03.2022 എന്നിവ നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ₹2701808/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-16-1 ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന് രസീത് നൽകിയിട്ടില്ല

| | | |
|---|---|---|
| നിർവ്വഹണം | | കൃഷി ഓഫീസർ |
| പദ്ധതി നം / പേര് | | S0086/2021 / ഹൈബ്രിഡ് തെങ്ങിൻ തൈ വിതരണം |
| അടങ്കൽ / ചെലവ് | ഡെവലപ്മെന്റ് ഫണ്ട് | 500000/423560 |
| | ഗുണഭോക്തൃ വിഹിതം | 166664/0 |
| ബിൽ നം/തീയതി, തുക | | 201008520100007711301/25.11.2020, 317025 |
| | | 201008520100135116/25.3.2021, 106535 |

(1) മേൽ പദ്ധതി പ്രകാരം ₹ 250/- ഗുണഭോക്തൃ വിഹിതമായി ഈടാക്കുന്നതാണെന്ന് അംഗീകരിച്ച പദ്ധതിയിൽ വ്യക്തമാക്കിയിട്ടുണ്ട്. താഴെപ്പറയുന്ന തീയതികളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്തിൽ ഗുണണഭോക്തൃ വിഹിതം ഒടുക്കിയിട്ടുമുണ്ട്.

| രസീത് നം | തീയതി | തുക |
|---|---|---|

| | | |
|---|---|---|
| 12010101094 | 21.10.2020 | 80250 |
| 120010101146 | 27.10.2020 | 18250 |
| 120200100149 | 22.12.2020 | 38500 |
| ആകെ | | 137000 |

എന്നാൽ മേൽ തുക ഈടാക്കിയതിന് ഗുണഭോക്താക്കൾക്ക് രസീത് നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃ വിഹിതം ഒടുക്കിയപ്പോൾ ഫ്രണ്ട് ഓഫീസിൽ രസീത് ബുക്കുകൾ ഉപയോഗിച്ചാണോ പണം ഈടാക്കിയത് എന്നോ, എത്ര രൂപാ നിർവ്വഹണ ഉദ്യോഗസ്ഥൻ ഈടാക്കിയെന്നോ പരിശോധിക്കാതെയാണ് ഗ്രാമപഞ്ചായത്തിൽ കളക്ഷൻ സ്വീകരിച്ചത് എന്ന് വ്യക്തമാണ്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിയിലുള്ളവർ സെക്രട്ടറി എന്നിവരുടെ ജാഗ്രതക്കുറവ് ഇക്കാര്യത്തിലുണ്ടായിട്ടുണ്ട്.

1-16-2 ഗുണഭോക്തൃ വിഹിതം ചെലവഴിച്ചതിന്റെ വിശദാംശങ്ങളില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്തൃ വിഹിതം ₹166664/- അടങ്കലായി കാണിച്ചിട്ടുണ്ടെങ്കിലും ചെലവൊന്നും രേഖപ്പെടുത്തിയിട്ടില്ല. സുലേഖ പത്രിക പ്രകാരം ഈ തുക ഗുണഭോക്തൃ വിഹിതമായി പിരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്തിലൊടുക്കിയ ₹ 137000/- ചെലവഴിച്ചിട്ടില്ല. ബാലൻസ് ഷീറ്റ് ബി- 4 പത്രികയിൽ ഈ തുക ഉൾപ്പെടുത്തിയിട്ടുമില്ല. ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (No.11/17-3-2022 & 15/18-3-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-17 ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

സെൽഫ് ചെക്ക് പ്രകാരം തനതുഫണ്ടിൽ നിന്ന് സെക്രട്ടറി പിൻവലിച്ച തുകകളുടെ താഴെപ്പറയുന്ന ഇനങ്ങളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ചെലവിനം | ചെക്ക് നം/തീയതി | തുക(₹) | റിമാർക്ക്സ് |
|---|---|---|---|
| ഇരട്ടയാർ ഗ്രാമ പഞ്ചായത്തും പരിസരങ്ങളും അണുവിമുക്തമാക്കിയ ഇനത്തിലുള്ള ചെലവ് | 5284/3.4.20 | 12600 | സെൽഫ് ചെക്ക് പ്രകാരം പിൻവലിച്ച തുകയുടെ ചെലവ് വിശദാംശങ്ങളില്ല |
| ഡെങ്കിപ്പനി, മഴക്കാല പൂർവ്വ ശുചീകരണം-മൈക്ക് അനൗൺസ്മെന്റ് ചാർജ്ജ് | 5362/11.5.20 | 31000 | സെൽഫ് ചെക്ക് പ്രകാരം പിൻവലിച്ച തുകയുടെ ചെലവ് വിശദാംശങ്ങളില്ല |
| വിവിധ വാർഡുകൾ അണു വിമുക്തമാക്കിയ വാഹന വാടക | 5362/11.5.20 | 11650 | സെൽഫ് ചെക്ക് പ്രകാരം പിൻവലിച്ച തുകയുടെ ചെലവ് വിശദാംശങ്ങളില്ല |

ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.14/18.3.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ലഭ്യമല്ലാത്തതിനാൽ ₹55250/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 കോവിഡ് 19-ദരിദ്ര കുടുംബങ്ങൾക്ക് ഭക്ഷ്യകിറ്റ് വിതരണം-അപാകതകൾ

കോവിഡ് കാലത്ത് ദരിദ്ര കുടുംബങ്ങൾക്ക് പലചരക്ക് സാധനങ്ങൾ അടങ്ങിയ കിറ്റ് വിതരണം ചെയ്യുന്നതിനായി തനതു ഫണ്ടിൽ നിന്നും സെക്രട്ടറി ₹56778/- പിൻവലിച്ചിട്ടുണ്ട്. ശാന്തിഗ്രാം സർവ്വീസ് സഹകരണ ബാങ്ക് മാവേലി സ്റ്റോറിൽ നിന്നുമാണ് പലചരക്ക് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. ചെലവ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് നം / തീയതി | തുക(₹) | ചെക്ക് നം/തീയതി | തുക |
|---|---|---|---|
| 0604115/7.4.20 | 15730 | 05634/12.5.20 | 15730 |
| 95/12.5.20 | 7448 | 05379/14.5.20 | 41048 |
| 89/3.4.20 | 27600 | | |
| 90/3.4.20 | 6000 | | |
| ആകെ | 56770 | | 56770 |

സർക്കാരിന്റെ കോവിഡ് കാല മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഭക്ഷ്യകിറ്റ് സൌജന്യമായി എല്ലാ റേഷൻ കാർഡ് ഉടമകൾക്കും വിതരണം ചെയ്തിരുന്നു. ആയതിനാൽ ഗ്രാമപഞ്ചായത്ത് ഇത്തരം വിതരണം ഏറ്റെടുക്കേണ്ടതില്ലായിരുന്നു. കൂടാതെ ഗ്രാമപഞ്ചായത്ത് വാങ്ങിയ ഭക്ഷ്യ ധാന്യങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുള്ളതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.4/16.3.22) ലഭ്യമാക്കിയിരിക്കുന്ന മറുപടിയിൽ സാംക്രമിക രോഗം തടയുക, രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക എന്നീ അനിവാര്യ ചുമതലകൾ സ്വീകരിക്കുന്നതിന്റെ ഭാഗമായാണ് ഭക്ഷ്യകിറ്റുകൾ വിതരണം നടത്തിയത് എന്ന് സൂചിപ്പിച്ചിരിക്കുന്നു. കേരള സംസ്ഥാന സർക്കാർ തന്നെ ഭക്ഷ്യകിറ്റുകൾ വിതരണം നടത്തിയിരുന്ന സാഹചര്യത്തിൽ ആവശ്യമെങ്കിൽ പൊതുജനങ്ങൾ/ഗ്രൂപ്പുകൾ/സംഘടനകൾ എന്നിവയുടെ സഹായത്തോടെ വിതരണം നടത്തുന്നതിന് പകരം പഞ്ചായത്ത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. മാത്രമല്ല സാധനങ്ങൾ വാങ്ങിയതിന്റെ രേഖകളല്ലാതെ വിതരണം നടത്തിയ രേഖകൾ പോലും ലഭ്യമല്ല. ₹56770/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 കോവിഡ് ക്വാറന്റൈൻ സെന്ററിലേക്ക് കിടക്കകൾ-ഇൻവോയ്സ്,സ്റ്റോക്ക് വിവരങ്ങൾ ലഭ്യമല്ല

ഇരട്ടയാർ ഗ്രാമ പഞ്ചായത്ത് കോവിഡ് ക്വാറന്റൈൻ സെന്ററായ ഗാന്ധിജി ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്ക് കിടക്കകൾ വാങ്ങിയ ഇനത്തിൽ എം.കെ ഡിസ്ട്രിബ്യൂട്ടേഴ്സ്, കട്ടപ്പന എന്ന സ്ഥാപനത്തിന് തനതു ഫണ്ടിൽ നിന്നും വിവിധ ചെക്കുകൾ പ്രകാരം സെക്രട്ടറി ₹301600/-നൽകിയിട്ടുണ്ടെങ്കിലും കിടക്കകൾ വാങ്ങിയതുമായി ബന്ധപ്പെട്ട ഇൻവോയ്സ് ബിൽ, കിടക്കകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കിടക്കകൾ വാങ്ങിയതുമായി ബന്ധപ്പെട്ട് എം.കെ ഡിസ്ട്രിബ്യൂട്ടേഴ്സ് കട്ടപ്പന എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് നം/തീയതി | കിടക്കകളുടെ എണ്ണം | നൽകിയ തുക (₹) | ചെക്ക് നം/ തീയതി | റിമാർക്സ് |
|---|---|---|---|---|
| 38/5.8.20 | 50 | 193000 | 5820/16.9.20 | വാങ്ങിയ കിടക്കകൾ സ്റ്റോക്കിലെടുത്തിട്ടില്ല |
| 15/14.5.20 | 10 | 38600 | 5343/15.5.20 | വാങ്ങിയ കിടക്കകൾ സ്റ്റോക്കിലെടുത്തിട്ടില്ല |
| ലഭ്യമല്ല | 20 | 70000 | 5493/22.7.20 | ഇൻവോയ്സ് ബിൽ ഹാജരാക്കിയില്ല. സ്റ്റോക്കിലെടുത്തിട്ടില്ല. |
| ആകെ | | 301600 | | |

മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം 3/16.3.22) ലഭ്യമാക്കിയിരിക്കുന്ന മറുപടിയിൽ റീക്കൂപ്പ് ചെയ്തു ലഭിക്കുന്നതിനായി അസ്സൽ രേഖകൾ ബഹു. ജില്ലാ കളക്ടർക്ക് ഹാജരാക്കിയിരിക്കുന്നു എന്നും ഇൻവോയ്സ് പകർപ്പ് ലഭ്യമാക്കി

ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണ് എന്നും സൂചിപ്പിച്ചിരിക്കുന്നു. ആയവയുടെ സ്റ്റോക്ക് വിവരങ്ങളും ഹാജരാക്കാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ചെലവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ₹301600/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 വാട്ടർടാങ്ക് വിതരണം, വയോജനങ്ങൾക്ക് കട്ടിൽ-ടെണ്ടർ നടപടിയിലെ അപാകതകൾ

വി.ഇ.ഓ. നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വാട്ടർടാങ്ക് വിതരണം (എസ്.സി) (234/21), വയോജനങ്ങൾക്ക് കട്ടിൽ (102/21) എന്നീ പദ്ധതികളുടെ ടെണ്ടർ നടപടികളിൽ താഴെപറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

I. വാട്ടർ ടാങ്ക് വിതരണം

1. വാട്ടർ ടാങ്കിന് വേണ്ടി ക്ഷണിച്ച ടെണ്ടർ നോട്ടീസിൽ 500 ലിറ്റർ, ഐ.എസ്.ഒ മുദ്രയോടുകൂടിയ വാട്ടർ ടാങ്ക് ലഭ്യമാക്കുന്നതിനാണ് ടെണ്ടർ ക്ഷണിച്ചിരുന്നത്. ടെണ്ടർ നോട്ടീസിൽ വാറണ്ടി, ക്വാളിറ്റി (ത്രീ ലെയർ ഉള്ളത്), ടാങ്കിന്റ തൂക്കം എന്നിവ സബന്ധിച്ച് ഒന്നും ആവശ്യപ്പെട്ടിരുന്നില്ല.

2. ആയതിനാൽ ₹1598/- മുതൽ ₹3400/- നിരക്കിലുള്ള വ്യത്യസ്തമായ ക്വട്ടേഷനുകൾ ലഭിച്ചിട്ടുണ്ട്. 10 മുതൽ 15 വർഷം വരെ ഗ്യാരണ്ടിയുള്ളതും, 9.5 Kg മതൽ 19.5 Kg വരെ ഭാരമുള്ളതും, പല നിറത്തിലുള്ളതുമായ വ്യത്യസ്ത ഗുണനിലവാരത്തിലുള്ള ടാങ്കുകളുടെ ടെണ്ടർ ലഭിച്ചിട്ടുണ്ട്.

3. ഗുണനിലവാരം പരിശോധിച്ച് ബോധ്യപ്പട്ടതിനാൽ ₹2498/- ക്വോട്ട് ചെയ്ത റിവർടെക്ക് ടാങ്ക് & പൈപ്പ് പ്രൈവറ്റ് ലി. എന്ന സ്ഥാപനത്തിൽ നിന്നും 10 വർഷം വാറണ്ടിയുള്ള 13 Kg, 3 ലെയർ, പ്രീമിയം വൈറ്റ് കളറുള്ള ടാങ്ക് വാങ്ങുന്നതിന് തീരുമാനിച്ചതെന്ന് 09.10.2020 പഞ്ചായത്ത് കമ്മറ്റിയുടെ 7-ാം നമ്പർ തീരുമാനമായി മിനിറ്റ്സ് ബുക്കിൽ രേഖപ്പടുത്തിയിട്ടുണ്ട്. കൃത്യമായ സ്പെസിഫിക്കേഷൻ രേഖപ്പടുത്താത്തതിനാൽ ഗുണനിലവാരം പരിശോധിച്ച മാനദണ്ഡമേതെന്ന് വ്യക്തമല്ല.

II . വയോജനങ്ങൾക്ക് കട്ടിൽ

വയോജനങ്ങൾക്ക് കട്ടിൽ (102/21) എന്ന പദ്ധതിയുടെ ടെണ്ടർ നോട്ടീസിൽ കട്ടിലിന്റെ സ്പെസിഫിക്കേഷൻ കൊടുത്തിരുന്നത്, മഹാഗണിയിൽ നിർമ്മിച്ചത്, കട്ടിലിന്റെ നീളം, വീതി, പ്ലൈവുഡ് കനം എന്നിവ മാത്രമാണ്. ആയതിനാൽ ഇതേ സ്പെസിഫിക്കേഷനിൽ 2880/-, 2910/-, 3010/-, 3300/- എന്നീ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ലഭിച്ചിരുന്നു. കട്ടിലിന് ക്രാസിയുണ്ടെന്നത് പരിഗണിച്ച് കട്ടിൽ വാങ്ങിയിരിക്കുന്നത് ഡെക്കോർ ഇറ്റാലിയൻ ഫർണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും ₹3390/- നിരക്കിലാണ്. കൃത്യമായ സ്പെസിഫിക്കേഷൻ ടെണ്ടർ നോട്ടീസിൽ നൽകേണ്ടതാണ്.

ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 കുടിവെള്ള വിതരണം-സർക്കാർ നിർദ്ദേശം അവഗണിച്ച് അധികം തുക നൽകി

തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള 27/02/2020ലെ സ.ഉ(സാധാ)494/2020 മാർഗ്ഗ നിർദ്ദേശ പ്രകാരം 2020-21 വർഷം (3/2020 മുതൽ 30.06.2020 വരെ) കുടിവെള്ളക്ഷാമം രൂക്ഷമായ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ ₹16,50,000/-യിൽ അധികരിക്കാതെ കുടിവെള്ളം വിതരണം ചെയ്യുന്നതിന് അനുമതി ലഭിച്ചിരുന്നു. മേൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കുടിവെള്ള വിതരണത്തിനായി ഗ്രാമ പഞ്ചായത്ത് 239/21 നമ്പർ ആയി പ്രോജക്റ്റ് ഏറ്റെടുക്കുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ₹1650000/-വകയിരുത്തുകയും ചെയ്തു. ലിറ്റർ ഒന്നിന് ₹0.335/- നിരക്ക് ക്വോട്ട് ചെയ്ത ശ്രീ സുരേന്ദ്രൻ അമ്പലത്തുംകാലായിൽ എന്ന വ്യക്തിയെ ആണ് കുടിവെള്ള വിതരണ ചുമതല ഏൽപിച്ചിരുന്നത്. 4/20, 5/20 മാസങ്ങളിലായി 6467500 ലിറ്റർ കുടിവെള്ളം വിതരണം ചെയ്ത വകയിൽ ₹2166612/-യും ഇരട്ടയാർ നോർത്ത്, ഇരട്ടയാർ ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ നിന്നും 2510 ട്രിപ്പ് കുടിവെള്ളം ഇലക്ട്രിക് മോട്ടോർ വച്ച് ശേഖരിച്ചതിന് ₹251000/-യുമുൾപ്പെടെ ആകെ ₹2417612/-23.06.20 ലെ 12/2 പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തനതു ഫണ്ടിൽ നിന്നും വിവിധ ചെക്കുകൾ പ്രകാരം കരാറുകാരന് നൽകിയിട്ടുള്ള തുകയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ചെക്ക് നം./തീയതി | തുക(₹) |
|---|---|
| 5350/30.5.20 | 499999 |
| 5465/29.6.20 | 499999 |
| 5486/22.7.20 | 350000 |
| 5802/8.9.20 | 45000 |
| 5807/9.9.20 | 210000 |
| 5701/18.9.20 | 450000 |
| 5703/19.9.20 | 366614 |
| ആകെ | 2421612 |

പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായിട്ടുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1.കുടിവെള്ള വിതരണ കരാറുകാരന് അധികം തുക അനുവദിച്ചു

ആകെ പദ്ധതി നിർവ്വഹണ ചെലവായി കണക്കാക്കിയിട്ടുള്ളത് ₹2417612/- ആണെങ്കിലും കരാറുകാരന് വിവിധ ചെക്കുകൾ പ്രകാരം അനുവദിച്ചിട്ടുള്ളത് ₹2421612/-ആണ്. ₹4000/-കരാറുകാരന് അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ ₹4000/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

2.ചെലവ് പരിധി അവഗണിച്ച് അധികം തുക ചെലവഴിച്ചു.

തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള 27.02.20 ലെ 494/2020(സാധാ) നമ്പർ ഉത്തരവിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള ചെലവ് പരിധിയായ ₹1650000/-അധികരിക്കുന്ന രീതിയിലുള്ള കുടിവെള്ള പ്രവർത്തനങ്ങൾ യാതൊരു കാരണവശാലും ഏറ്റെടുക്കാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവിലെ നിർദ്ദേശം അവഗണിച്ചുകൊണ്ട് കുടിവെള്ള വിതരണത്തിനായി ₹2421612/-ചെലവഴിച്ചിട്ടുണ്ട്. പദ്ധതി അടങ്കലായി വകയിരുത്തിയിരുന്ന ₹1650000/- എന്ന പരിധിയും ലംഘിച്ച് ചെലവ് നടത്തിയിരിക്കുന്നു. ബിൽ നം.29/30.1.21 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ₹1650000/- പിൻവലിച്ച് തനതു ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്തിട്ടുണ്ടെങ്കിലും പദ്ധതി അടങ്കലിനേക്കാളും അധികമായി ₹771612/ചെലവഴിച്ചിട്ടുണ്ട്. പദ്ധതി അടങ്കലിനേക്കാളും അധികമായിട്ടുള്ളതും സർക്കാർ പരിധിധി ലംഘിച്ച് ചെലവഴിച്ചതുമായ ₹771612/- കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

3.കരാറുകാരനിൽ നിന്നും നികുതികൾ ഈടാക്കിയില്ല

കരാറുകാരന് നൽകിയ ആകെ തുകയായ ₹2421612/-യിൽ നിന്നും ഐ.ടി ഇനത്തിൽ (2%) ₹48432/-യും 1% പ്രളയ സെസ് തുകയായ ₹24216/-യും കിഴിവ് വരുത്തേണ്ടതായിരുന്നെങ്കിലും നിയമാനുസൃതമുള്ള നികുതി കിഴിവുകൾ വരുത്താതെയാണ് കരാറുകാരന് തുക അനുവദിച്ചിരിക്കുന്നത്.കുടിവെള്ള വിതരണത്തിനായി ടെണ്ടറിൽ ക്രമ നമ്പർ 5 ആയി നിയമാനുസൃത നികുതികൾ ഒടുക്കുവരുത്തണമെന്ന

വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നു. നിയമാനുസൃതമുള്ള നികുതി തുകകൾ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾ സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 12/17.03.2022)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ- തനതു ഫണ്ടിൽ നിന്നും മുൻകൂറായി നല്കിയിട്ടുള്ള തുകയുടെ ക്രമീകരണ വിവരങ്ങൾ ലഭ്യമല്ല

ഇരട്ടയാർ ഗ്രാമ പഞ്ചായത്ത്, ചെമ്പകപ്പാറ പി.എച്ച്.സി എന്നിവ സംയുക്തമായി നടപ്പിലാക്കുന്ന കരുതൽ പദ്ധതിക്കായി മരുന്നുകൾ വാങ്ങുന്നതിന് അടിയന്തിരമായി ₹150000/-തനതു ഫണ്ടിൽ നിന്നും നൽകുന്നതിനും പ്രോജക്ട് വച്ച് ടി തുക തനതു ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്യുന്നതിനും 22.04.2020 ലെ അജണ്ട നമ്പർ 3പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. ചെക്ക് നമ്പർ 53306/23.4.20 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി തനതു ഫണ്ടിൽ നിന്നും ₹150000/-അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയുടെ ചെലവ് വിശദാംശങ്ങളും തുക തനതു ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്തിട്ടുള്ളതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.3/16.3.22) മറുപടി ലഭിച്ചിരിക്കുന്നു. മറുപടിയിൽ മരുന്ന് വാങ്ങിയതിന്റെ വൌച്ചർ/ചെലവ് എന്നിവ മെഡിക്കൽ ഓഫീസറിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്ന് സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ ഹാജരാക്കിയില്ല. പ്ലാൻ ഫണ്ടിൽ മതിയായ തുക വകയിരുത്തുന്നതിന് കണ്ടെത്താൻ കഴിഞ്ഞില്ല എന്ന മറുപടിയും അംഗീകരിക്കാൻ സാധിക്കില്ല. കാരണം പ്ലാൻ ഫണ്ടിൽ നിന്നും ലാപ്സായ തുകയുടെ വിശദാംശങ്ങൾ ഖണ്ഡിക 1-3 ൽ കാണുന്നു. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാലും തുക തനതു ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്തിട്ടില്ലാത്തതിനാലും ₹150000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് കോൺക്രീറ്റ് പ്രവൃത്തികൾ ആവിഷ്കരിച്ചു

2020-21 സാമ്പത്തിക വർഷം (2019-20 സ്പിൽ ഓവർ ഉൾപ്പടെ) ചുവടെ കൊടുത്തിരിക്കുന്ന കോൺക്രീറ്റ് പ്രവൃത്തികൾ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ആവിഷ്കരിച്ചിട്ടുണ്ട്.

| ക്രമ നം | പ്രോജക്ടിന്റെ പേര്, നമ്പർ | അടങ്കൽ ₹ | ചെലവ് ₹ | റിമാർക്സ് |
|---|---|---|---|---|
| 1 | ആശുപത്രിപ്പടി- ഓമനത്തംപടി റോഡ് കോൺക്രീറ്റിംഗ് 42/2021) | 500000 | 399870 | |
| 2 | നാലുകണ്ടംപടി- ഉതിരക്കളംപടി റോഡ് കോൺക്രീറ്റിംഗ് (50/2021) | 400000 | 399533 | |
| 3 | മൈലാടുപാറപ്പടി- ശാശേരിപ്പടി റോഡ് കോൺക്രീറ്റിംഗ് (81/2021) | 600000 | 479752 | |
| 4 | ദുരന്തനിവാരണം- കൊച്ചുതുണ്ടിപ്പടി- മണ്ണാത്തുപടി റോഡ് കോൺക്രീറ്റിംഗ് (101/2021) | 350000 | 349913 | |
| 5 | ആശുപത്രിപ്പടി ഹീറോപ്പടി റോഡ് കോൺക്രീറ്റിംഗ് | 300000 | 299773 | 2019-20 സ്പിൽ |

| | | | | |
|---|---|---|---|---|
| | (195/2021) | | | ഓവർ |
| 6 | അഞ്ചുമുക്ക് അംഗൻവാടി റോഡ് കോൺക്രീറ്റ് (196/2021) | 600000 (310000-ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 290000-സംരക്ഷണ ഗ്രാന്റ് റോഡ്) | 599928 (309928-ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 290000-സംരക്ഷണഗ്രാന്റ് റോഡ്) | 2019-20 സ്പിൽ ഓവർ |
| 7 | തമ്പാൻസിറ്റി-സ്കൂൾക്കവല റോഡ് കോൺക്രീറ്റ് (203/2021) | 227297 (150000-ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 127297-സംരക്ഷണ ഗ്രാന്റ് റോഡ്) | 27728 (149991-ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 127297-സംരക്ഷണ ഗ്രാന്റ് റോഡ്) | 2019-20 സ്പിൽ ഓവർ |
| 8 | പാലക്കാട്ടുപടി-തുണ്ടിയിൽപ്പടി റോഡ് കോൺക്രീറ്റ് (228/2021) | 347264 (200000-വികസന ഫണ്ട് പൊതുവിഭാഗം, 147264-സംരക്ഷണ ഗ്രാന്റ് റോഡ്) | 234003 (1200000-വികസന ഫണ്ട് പൊതുവിഭാഗം, 34003-സംരക്ഷണ ഗ്രാന്റ് റോഡ്) | |
| 9 | ദുരന്തനിവാരണം-വെള്ളക്കടപ്പടി-കിളിത്തട്ട് റോഡ് കോൺക്രീറ്റ് (233/2021) | 550000 | 439663 | |
| 10 | കുറ്റിയാനിപ്പടി-വാതല്ലൂർപ്പടി റോഡ് കോൺക്രീറ്റിംഗ് (267/2021) | 250000 | 0 | |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.11.2012ലെ 68228/എഫ്.എം.1/2012/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശസ്ഥാപനത്തിന് കൈമാറിയ റോഡുകളുടെ അറ്റകുറ്റപ്പണി നടത്തിയ ശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ, തദ്ദേശഭരണ സ്ഥാപനത്തിന്റെ കൈമാറിയ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതിയുടെ ഐക്യകണ്ഠമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം, നടത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ റോഡുകൾക്ക് അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന അസിസ്റ്റന്റ് എഞ്ചിനിയറുടെ സാക്ഷ്യപത്രം, ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം, സർക്കാരിന്റെ/കോ ഓർഡിനേഷൻ കമ്മിറ്റിയുടെ മുൻകൂർ അനുമതി എന്നിവ വാങ്ങാതെയാണ് മെയിന്റനൻസ് ഗ്രാന്റ് റോഡ് ഉപയോഗിച്ചുള്ള കോൺക്രീറ്റ് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളത്. റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് മാത്രം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വാടകക്കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു

വാടക രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ താഴെപ്പറയുന്ന മുറിയുടെ വാടക ഈടാക്കിയിട്ടില്ല.

| ക്രമ നം | കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസം ഇടാക്കേണ്ട വാടക ₹ | തുക ഈടാക്കാൻ അവശേഷിക്കുന്ന കാലാവധി | ഈടാക്കാൻ അവശേഷിക്കുന്ന ആകെ തുക ₹ | റിമാർക്സ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1. | 7/654 | ശ്രീ.ജോസഫ് സേവ്യർ | (5240+ജി എസ്.ടി 944+Flood Cess 53) ₹6237 | 10/2020 മുതൽ 3/2021 വരെ | 37422 | കരാറിൽ ഏർപ്പെട്ടിട്ടില്ല |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 7, 17/3/2022)ക്ക് ലഭ്യമാക്കിയ മറുപടിയിൽ

അടിയന്തിരമായി നോട്ടീസ് നൽകി തുക അടവാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണെന്ന് സൂചിപ്പിച്ചിരിക്കുന്നു. വാടകക്കാരനുമായി നിയമാനുസൃതമായ കരാറിൽ ഏർപ്പെടാത്തതിനാലും തുക ഈടാക്കാത്തതിനാലും മറുപടി അംഗീകരിക്കുന്നില്ല. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കൈയൊഴിയലും) ചട്ടങ്ങൾ പ്രകാരം 10/2020 മുതൽ 03/2021 വരെയുള്ള വാടക കുടിശ്ശിക ₹37422/- വരവ് നഷ്ടമായി കണക്കാക്കുന്നു. എല്ലാ മാസവും അഞ്ചാം തീയതിക്കു മുമ്പായി വാടക ഈടാക്കേണ്ടതാണ്. വാടക ഈടാക്കേണ്ട കാലയളവായ 2020 ഒക്ടോബർ മാസത്തിൽ ചുമതലയിലുണ്ടായിരുന്ന സെക്രട്ടറിയിൽ നിന്നും ₹6237 (₹5240 +ജി.എസ്.ടി ₹944 + പ്രളയ സെസ്സ് ₹53) ഈടാക്കേണ്ടതാണ്. 2020 നവംബർ മുതൽ 2021 മാർച്ച് വരെ ചുമതലയിലുണ്ടായിരുന്ന സെക്രട്ടറിയിൽ നിന്നും ₹31185 (₹26200 + ജി.എസ്.ടി ₹4720+ പ്രളയ സെസ് ₹265) രൂപയും ഈടാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

1) യൂണിയൻ ബാങ്ക്, ഈട്ടിത്തോപ്പ് ശാഖയുടെ 2020-21 വർഷത്തെ ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. രണ്ട് അർദ്ധ വർഷങ്ങളിലെയും ആകെ നികുതി ₹2500 (1250+1250) നഷ്ടമായി കണക്കാക്കുന്നു.

2. വില്ലേജ് ഓഫീസ്, ഇരട്ടയാർ എന്ന സ്ഥാപനത്തിലെ താഴെപ്പറയുന്ന ജീവനക്കാരിയുടെ തൊഴിൽ നികുതി ഈടാക്കുന്നതിൽ താഴെ ചേർത്തിരിക്കും പ്രകാരം കുറവ് വന്നിട്ടുണ്ട്.

| ക്രമ നം | ജീവനക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം | അർദ്ധ വർഷം 1 | | | അർദ്ധ വർഷം 2 | | |
|---|---|---|---|---|---|---|---|---|
| | | | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്ന തുക | കുറവ് വന്ന തുക | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്ന തുക | കുറവ് വന്ന തുക |
| 1 | സ്മിനി മോൾ കെ.എസ് | 136200 | 750 | 1250 | 500 | 1000 | 1250 | 250 |

ഈടാക്കിയതിൽ കുറവ് വന്ന തുക ₹750/- (500+250) ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം 8, 17/03/2022)ക്ക് ലഭിച്ച മറുപടിയിൽ തുക ഈടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണെന്ന് അറിയിച്ചു.

(1)&(2) പ്രകാരം തുക ഈടാക്കാത്തതിനാൽ ₹3250 നഷ്ടമായി കണക്കാക്കുന്നു. ബന്ധപ്പെട്ട ജീവനക്കാരനിൽ നിന്ന്/സ്ഥാപനത്തിൽ നിന്ന് നികുതി ഈടാക്കി ഒടുക്കുകയോ അല്ലാത്തപക്ഷം കേരളപഞ്ചായത്ത് രാജ് നിയമം സെക്ഷൻ 203 എഫ് പ്രകാരം ഓഗസ്റ്റ് മാസത്തിലും, ഫെബ്രുവരി മാസത്തിലും അവസാനിക്കുന്നതിന് മുൻപ് നികുതി ഈടാക്കി സ്ഥാപനം ഒടുക്കേണ്ടതാണ് എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഈ കാലയളവിൽ ചുമതലയിലുണ്ടായിരുന്ന സെക്രട്ടറിമാരിൽ നിന്ന് യഥാക്രമം ₹1750/- , ₹1500/- വീതം തുക ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തൊഴിലുറപ്പ് പദ്ധതി ജീവനക്കാർക്കും ഗ്രാമ പഞ്ചായത്തിലേക്കും ഗ്ലൗസുകൾ വാങ്ങൽ- അധികം തുക പിൻവലിച്ചു

തൊഴിലുറപ്പ് പദ്ധതിയിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കുവേണ്ടിയും ഗ്രാമ പഞ്ചായത്തിലേക്കുമായി മോഡേൺ മെഡിക്കൽസ് കട്ടപ്പന എന്ന സ്ഥാപനത്തിൽ നിന്നും ഗ്ലൗസുകൾ വാങ്ങിയ ഇനത്തിൽ സെക്രട്ടറി സെൽഫ് ചെക്ക് പ്രകാരം തനതു ഫണ്ടിൽ നിന്നും അധികം തുക പിൻവലിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ചെക്ക് നം/തീയതി | തനതു ഫണ്ടിൽ നിന്നും പിൻവലിച്ച തുക | ഇൻവോയ്സ് നം | വാങ്ങിയ ഗ്ലൗസുകളുടെ എണ്ണം | ഇൻവോയ്സ് പ്രകാരമുള്ള ചെലവ് തുക | അധികം പിൻവലിച്ച തുക |
|---|---|---|---|---|---|
| 53304/ 21.4.20 | ₹25500 | 1587 | 1900 | ₹22800 (1900*12) | ₹2700 |
| | ₹28936 | 1472 | 2000 | ₹24000 | ₹4936 |

| | | | | | |
|---|---|---|---|---|---|
| | | | | (2000*12) | |
| ആകെ | ₹54436 | | | ₹46800 | ₹7636 |

തനതു ഫണ്ടിൽ നിന്നും അധികം തുക പിൻവലിച്ചതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.2/16.3.22) മറുപടി ലഭ്യമാക്കിയിട്ടില്ല. തനതു ഫണ്ടിൽ നിന്നും അധികം പിൻവലിച്ച ₹7636/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

3-2 കുടിവെള്ള വിതരണം-സർക്കാർ നിർദ്ദേശം അവഗണിച്ച് അധികം തുക നൽകി

തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള 27/02/2020ലെ സ.ഉ(സാധാ)494/2020 മാർഗ്ഗ നിർദ്ദേശ പ്രകാരം 2020-21 വർഷം (3/2020 മുതൽ 31.05.2020 വരെ) കുടിവെള്ള ക്ഷാമം രൂക്ഷമായ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ ₹16,50,000/-യിൽ അധികരിക്കാതെ കുടിവെള്ളം വിതരണം ചെയ്യുന്നതിന് അനുമതി ലഭിച്ചിരുന്നു. മേൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കുടിവെള്ള വിതരണത്തിനായി ഗ്രാമ പഞ്ചായത്ത് 239/21 നമ്പർ ആയി പ്രോജക്ട് ഏറ്റെടുക്കുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ₹1650000/- വകയിരുത്തുകയും ചെയ്തു. ലിറ്റർ ഒന്നിന് ₹0.335/- നിരക്ക് ക്വോട്ട് ചെയ്ത ശ്രീ സുരേന്ദ്രൻ അമ്പലത്തുംകാലായിൽ എന്ന വ്യക്തിയെ ആണ് കുടിവെള്ള വിതരണ ചുമതല ഏൽപിച്ചിരുന്നത്. 4/20, 5/20 മാസങ്ങളിലായി 6467500 ലിറ്റർ കുടിവെള്ളം വിതരണം ചെയ്ത വകയിൽ ₹2166612/-യും ഇരട്ടയാർ നോർത്ത്, ഇരട്ടയാർ ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ നിന്നും 2510 ട്രിപ്പ് കുടിവെള്ളം ഇലക്ട്രിക് മോട്ടോർ വച്ച് ശേഖരിച്ചതിന് ₹251000/-യുമുൾപ്പെടെ ആകെ ₹2417612/-23.06.20 ലെ 12/2 പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തനതു ഫണ്ടിൽ നിന്നും വിവിധ ചെക്കുകൾ പ്രകാരം കരാറുകാരന് നൽകിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ചെക്ക് നം./തീയതി | തുക(₹) |
|---|---|
| 5350/30.5.20 | 499999 |
| 5465/29.6.20 | 499999 |
| 5486/22.7.20 | 350000 |
| 5802/8.9.20 | 45000 |
| 5807/9.9.20 | 210000 |
| 5701/18.9.20 | 450000 |
| 5703/19.9.20 | 366614 |
| ആകെ | 2421612 |

പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായിട്ടുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1.കുടിവെള്ള വിതരണ കരാറുകാരന് അധികം തുക അനുവദിച്ചു

ആകെ പദ്ധതി നിർവ്വഹണ ചെലവായി കണക്കാക്കിയിട്ടുള്ളത് ₹2417612/- ആണെങ്കിലും കരാറുകാരന് വിവിധ ചെക്കുകൾ പ്രകാരം അനുവദിച്ചിട്ടുള്ളത് ₹2421612/- ആണ്. ₹4000/- കരാറുകാരന് അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ ₹4000/-ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

2.ചെലവ് പരിധി അവഗണിച്ച് അധികം തുക ചെലവഴിച്ചു.

തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള 27.02.20 ലെ 494/2020(സാധാ) നമ്പർ ഉത്തരവിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള ചെലവ് പരിധിയായ ₹1650000/-അധികരിക്കുന്ന രീതിയിലുള്ള കുടിവെള്ള പ്രവർത്തനങ്ങൾ യാതൊരു കാരണവശാലും ഏറ്റെടുക്കാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവിലെ നിർദ്ദേശം അവഗണിച്ചുകൊണ്ട് കുടിവെള്ള വിതരണത്തിനായി

₹2421612/-ചെലവഴിച്ചിട്ടുണ്ട്. പദ്ധതി അടങ്കലായി വകയിരുത്തിയിരുന്ന ₹1650000/- എന്ന പരിധിയും ലംഘിച്ച് ചെലവ് നടത്തിയിരിക്കുന്നു. ബിൽ നം.29/30.1.21 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ₹1650000/- പിൻവലിച്ച് തനതു ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്തിട്ടുണ്ടെങ്കിലും പദ്ധതി അടങ്കലിനേക്കാളും അധികമായി ₹771612/- ചെലവഴിച്ചിട്ടുണ്ട്. പദ്ധതി അടങ്കലിനേക്കാളും അധികമായിട്ടുള്ളതും സർക്കാർ പരിധിധി ലംഘിച്ച് ചെലവഴിച്ചതുമായ ₹771612/- കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

3.കരാറുകാരനിൽ നിന്നും നികുതികൾ ഈടാക്കിയില്ല

കരാറുകാരന് നൽകിയ ആകെ തുകയായ ₹2421612/-യിൽ നിന്നും ഐ.ടി ഇനത്തിൽ (2%) ₹48432/-യും 1% പ്രളയ സെസ് തുകയായ ₹24216/-യും കിഴിവ് വരുത്തേണ്ടതായിരുന്നെങ്കിലും നിയമാനുസൃതമുള്ള നികുതി കിഴിവുകൾ വരുത്താതെയാണ് കരാറുകാരന് തുക അനുവദിച്ചിരിക്കുന്നത്. കുടിവെള്ള വിതരണത്തിനായി ടെണ്ടറിൽ ക്രമ നമ്പർ 5 ആയി നിയമാനുസൃത നികുതികൾ ഒടുക്കുവരുത്തണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നു. നിയമാനുസൃതമുള്ള നികുതി തുകകൾ ₹72648/- (48432 +24216) ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾ സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 2020-21 വർഷത്തെ ഓഡിറ്റിനോടൊപ്പം പരിശോധിച്ച | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 200000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് (17/21) | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 118994 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് (17/21) | 118994 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 100000 | ആശ്രയ പദ്ധതി വീട് മെയിന്റനൻസ് (114/21) | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 479100 | സുഭിക്ഷ കേരളം – ഭക്ഷ്യ സുരക്ഷ – തരിശുഭൂമി കൃഷിക്ക് ധനസഹായം (216/21) | 479100 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1875000 | ലൈഫ് ഭവന പദ്ധതി | 0 | 1875000 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ലോൺ രജിസ്റ്റർ അപൂർണ്ണമായതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ വിശദാംശംങ്ങൾ ഉൾപ്പെടുത്താൻ സാധിക്കുന്നില്ല. വാർഷിക കണക്കുകൾ പ്രകാരം ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ബാലൻസ് ഷീറ്റ് B5 ഷെഡ്യൂൾ പ്രകാരം സഹകരണ ബാങ്ക് വായ്പയിനത്തിൽ ₹1216943/- യും KURDFC ലോൺ ഇനത്തിൽ ₹ 11907275 ഉം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നുണ്ട്. ലോൺ രജിസ്റ്റർ പ്രകാരം KURDFC ഷോപ്പിംഗ് കോംപ്ലക്സ് വായ്പയിനത്തിൽ ₹3789625/-യും ലൈഫ് ഭവന പദ്ധതി (KURDFC) വായ്പയിനത്തിൽ ₹12887314/-യുമാണ് തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നത്. വായ്പ രജിസ്റ്റർ പ്രകാരമുള്ള തുകകളും വാർഷിക കണക്കുകൾ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടാത്തത് പരിശോധിച്ച് അപാകത പരിഹരിക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1000000.00 |
| തൻവർഷം നിക്ഷേപിച്ച തുക | 499000.00 |
| ആകെ | 1499000.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0.00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1499000.00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് സഹകരണ സംഘം | 7.3.2021 | 12 മാസം | 1000000.00 | നമ്പർ 1941 |
| 2 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് സഹകരണ സംഘം | 17.6.20 | 24 മാസം | 4990000 | 69 |
| ആകെ | | | | 1499000.00 | |

## 4-7 ഓഡിറ്റ് റിക്കവറി

- ഇല്ല -

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരം ഈടാക്കിയതിന്റെ വിവരം

– ഇല്ല –

ബി) സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരം ഈടാക്കേണ്ട തുകയുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ / തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാ സമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെട്ടത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) |
| 1 | 1996-97 | 31 | പി. എ. അന്നമ്മ സെക്രട്ടറി | എൽ.എഫ്. 28315 സ്പെ.സെൽ/ എസ്.സി. 2/99 തീ.12.2001. | 1600 | ഇല്ല | ഇല്ല | | | | | 1600 | |
| 1 | 1997-98 | 20ബി. | കെ. കെ. ശശിധരൻ സെക്രട്ടറി | എൽ.എഫ്. 22631/ സ്പെ.സെൽ/ എസ്.സി. 2/2001 തീ.22.03.2002. | 1353 | ഇല്ല | | | | | | 1353 | |
| 2 | 1997-98 | 28 | കെ. കെ. ശശിധരൻ സെക്രട്ടറി | എൽ.എഫ്. 22631/ സ്പെ.സെൽ/ എസ്.സി .2/2001 തീയതി 22.03.2002. | 1545 | ഇല്ല | | | | | | 1545 | |
| 3 | 2001-02 | 29 | കെ. കെ. ശശിധരൻ സെക്രട്ടറി | എൽ.എഫ്. 22631/ സ്പെ.സെൽ/ എസ്.സി. 2/2001 തീയതി 22.03.2002. | 2472 | ഇല്ല | | | | | | 2472 | |
| 4 | 2001-02 | 3(4) എ | ശ്രീ. ബേബി തോമസ് | എൽ.എഫ്. 16706/ സ്പെ.സെൽ/ എസ്.സി. 2/2005 തീ.07.10.2006 | 16613 | ഇല്ല | | | | | | 16613 | |
| 5 | 2009-10 | 3-5 | ശ്രീ. പി. രാധാകൃഷ്ണൻ നായർ സെക്രട്ടറി | എൽ.എഫ്. 852/ സ്പെ.സെൽ/ സി.എസ്. സി. സി1./2014 തീ. 18.03.2016 | 73367 | ഇല്ല | | | | | | 73367 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 6 | 1997-98 | 25,27,<br>28,29 | ശ്രീ. കെ. കെ.<br>ശശിധരൻ<br>സെക്രട്ടറി | എൽ.എഫ്.<br>22631/<br>സ്പെ.സെൽ/<br>സി.എസ്.<br>സി.<br>സി1/2001<br>തീ. 08.11.2002 | 4407 | ഇല്ല | | | | | | 4407 | |

ഈടാക്കാനവശേഷിക്കുന്ന തുകകൾ കൂടി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹12255827 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹74778117 |
| ആകെ | ₹87033944 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹76178051 |
| നീക്കിയിരിപ്പ് | ₹10855893 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹40672 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹855716 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3295458 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 6237 | - | അബീഷ് ഐ, സെക്രട്ടറി(ഇൻചാർജ്) |
| 2-1 | 31185 | - | ബി. ശിവകുമാർ, സെക്രട്ടറി |
| 2-2 | 1750 | - | അബീഷ് ഐ, സെക്രട്ടറി(ഇൻചാർജ്) |
| 2-2 | 1500 | - | ബി ശിവകുമാർ, സെക്രട്ടറി |
| 3-1 | | 7636 | ശ്രീ എം. വി. അജയകുമാർ, സെക്രട്ടറി |
| 3-2-1 | | 4000 | അബീഷ് ഐ, സെക്രട്ടറി(ഇൻചാർജ്) |
| 3-2-2 | | 771612 | അബീഷ് ഐ, സെക്രട്ടറി(ഇൻചാർജ്) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 30030 | ശ്രീ. ഗോവിന്ദരാജ് എം., കൃഷി ഓഫീസർ |
| 1-15 | 2701808 | ₹1000000- ശ്രീ എം. വി. അജയകുമാർ, സെക്രട്ടറി<br>₹1701808 – ശ്രീ ബി. ശിവകുമാർ, സെക്രട്ടറി |
| 1-17 | 55250 | ശ്രീ എം. വി. അജയകുമാർ, സെക്രട്ടറി |
| 1-18 | 56770 | ശ്രീ എം. വി. അജയകുമാർ, സെക്രട്ടറി |
| 1-19 | 301600 | ₹108600/-ശ്രീ എം. വി. അജയകുമാർ, സെക്രട്ടറി<br>₹193000 ശ്രീ അബീഷ് ഐ, സെക്രട്ടറി(ഇൻചാർജ്) |
| 1-22 | 150000 | ശ്രീ എം. വി. അജയകുമാർ സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-2-3 | 72468 | 40500 | ശ്രീ എം. വി. അജയകുമാർ സെക്രട്ടറി (IT-27000/- പ്രളയസെസ്സ് -13500) |
| | | 32148 | ശ്രീ അബീഷ് ഐ, സെക്രട്ടറി(ഇൻചാർജ്) (IT-21432/- പ്രളയസെസ്സ് -10716) |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അബീഷ് ഐ, സെക്രട്ടറി(ഇൻചാർജ്) | ശാന്തൻപാറ ഗ്രാമപഞ്ചായത്ത് | താഴെക്കണ്ടത്തിൽ വീട്, രാജകുമാരി പി.ഒ., രാജകുമാരി |
| ബി ശിവകുമാർ, സെക്രട്ടറി | വിരമിച്ചു | നന്ദനം വീട്, കട്ടച്ചൽക്കുഴി, തിരുവനന്തപുരം |
| ശ്രീ എം. വി. അജയകുമാർ, സെക്രട്ടറി | സെക്രട്ടറി, പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | മേച്ചേരിൽ വീട് കൂത്താട്ടുകുളം പി.ഒ. കൂത്താട്ടുകുളം |
| ശ്രീ. ഗോവിന്ദരാജ് എം. കൃഷി ഓഫീസർ | ഇരട്ടയാർ ഗ്രാമപഞ്ചായത്ത് | ആനന്ദഭവൻ, തേങ്ങാക്കല്ല് എസ്റ്റേറ്റ് പി.ഒ. വണ്ടിപ്പെരിയാർ, ഇടുക്കി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുകയാണ്. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1990-91 | എൽ.എഫ്.ഐ-6/199/1993 തീ.26.03.1993 | | |
| 1995-96 | എൽ.എഫ്.ഐ-6/174//1999 തീ.30.04.1999 | | |
| 1996-97 | എൽ.എഫ്.ഐ-6/3422017-18/1993 തീ.31.05.1999 | 31 | |
| 1997-98 | എൽ.എഫ്.ഐ-6/74/1998 തീ.20.08.2000 | 1-20ബി, 1-28,1-29 | |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്.ഐ-6/987/2009 തീ12.01.2010 | 3-1എ,ബി,3-2,<br>4-3,4-5 | |
| 2007-08 | എൽ.എഫ്.ഐ-9/376/2013 തീ.25.05.2011 | 2-1എ,ബി,സി,3-2,<br>3-3,3-4,4-3,4-5 | |
| 2008-09 | എൽ.എഫ്.ഐ-9/527/2013 തീ.25.06.2013 | 2-1,2-2,2-3,2-4,<br>2-5,2-6,3-2,3-3,3-4,<br>3-5,3-6,3-8,4-3 | |
| 2009-10 | എൽ.എഫ്.ഐ-9/1237/2017 തീ.05.10.2017 | 2-1,3-1,3-2,3-3,3-4,<br>3-5,3-6,3-7,3-8,3-9,<br>3-10എ,ബി1,2,3-11,3-12 | |
| 2010-11 | എൽ.എഫ്.ഐ-9/1436/2013 തീ.07.01.2014 | 3-1,3-2,3-3എ,ബി,<br>3-4,3-5,3-63-7,<br>3-8,3-9,3-10 | |
| 2011-12 | എൽ.എഫ്.ഐ-9/1238/2015 തീ.11.12.2015 | 2-1,2-2,3-1,3-3,<br>3-43-5എ,3-6 | |
| 2012-13 | എൽ.എഫ്.ഐ-9/353/2015 തീ.10.06.2015 | 3-1,3-2,4-1 | |
| 2013-14 | എൽ.എഫ്.ഐ-9/1143/2015 തീ.18.02.2016 | 2-1,3-1,3-3 | |
| 2014-15 | എൽ.എഫ്.ഐ-9/674/2016 തീ.05.10.2016 | 2-2,3-1,3-2,<br>3-3,3-4 | |
| 2015-16 | നം.കെ.എസ്.എ-ഐ.ഡി.കെ-9/323/2017തീയതി 05.04.2017 | 2-1,2-2,2-3,2-4,<br>2-5,3-2,3-3,<br>3-4,3-5,3-6.3-7 | |
| 2016-17 | നം.കെ.എസ്.എ-ഐ.ഡി.കെ-9/1315/2017തീയതി 03.10.2017 | 1-12,2-1,2-2,<br>3-1,3-23-4,3-5 | |
| 2017-18 | നം.കെ.എസ്.എ-ഐ.ഡി.കെ-9/1228/18, തീയതി 12.02.2019 | 6<br>1-12, 2-3,<br>3-1, 3-4, 3-5, 4-2 | |
| 2018-19 | നം.കെ.എസ്.എ-ഐ.ഡി.കെ-9/834/19, തീയതി 19.10.2019 | 1-9, 1-11, 1-13, 1-15 മുതൽ 1-20 വരെ , 4-11 | 10 |
| 2019-20 | നം.കെ.എസ്.എ-ഐ.ഡി.കെ-9/376/2021, തീയതി 07.05.2021 | 1-1, 1-9, 1-11 മുതൽ 1-13 വരെ, 1-15, 1-17, 1-19 മുതൽ 1-22 വരെ, 1-24, 1-26, 4-5, 4-9 | 16 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്